(ii) വ്യവസ്ഥകൾ പാലിക്കാതെ വീഴ്ച വരുത്തുന്ന കമ്പനികളെ തുടർന്ന് പ്രവർത്തിക്കാൻ അനുവദിക്കാതിരിക്കുക, അവരുമായുള്ള കരാറുകൾ റദ്ദാക്കുക തുടങ്ങിയ നടപടികൾ സ്വീകരിക്കുന്നുണ്ട്.

(iii) ചൂഷണം തടയുന്നതിനായി ഒരു വിജിലൻസ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(iv) ടെക്നോപാർക്കിൽ പരിശീലനം നൽകിയശേഷം ജോലി വാഗ്ദാനം നൽകാമെന്ന കമ്പനികളുടെ പരസ്യം കണ്ട് പൊതുജനങ്ങൾ വഞ്ചിതരാകാതിരിക്കുന്നതിനായി ഇങ്ങനെ വാഗ്ദാന പരസ്യം ചെയ്യുന്ന കമ്പനികളെക്കുറിച്ച് കൂടുതലായി അന്വേഷിക്കണമെന്നും ടെക്നോപാർക്കിന്റെ ശ്രദ്ധയിൽപ്പെടുത്തണമെന്നും ആവശ്യപ്പെട്ട് പ്രധാന പത്രങ്ങളിൽ പരസ്യം നൽകിയിട്ടുണ്ട്.

2. ഇൻഫോപാർക്ക് :

ട്രെയിനിംഗ് എന്ന പേരിൽ കമ്പനികൾ നടത്താൻ അനുവദിക്കാറില്ല. അത്തരം കാര്യങ്ങൾ ഏതെങ്കിലും കമ്പനികൾ ചെയ്യുന്നു എന്ന് ബോദ്ധ്യപ്പെട്ടാലോ പരാതി ലഭിച്ചാലോ അവരെ തുടർന്ന് പ്രവർത്തിക്കാൻ അനുവദിക്കാറില്ല. ഇത്തരം പ്രവർത്തനങ്ങൾ നടത്തിയ Nobel softtech, Atees Infomedia എന്നീ കമ്പനി കളുടെ പ്രവർത്തനം ഇൻഫോപാർക്ക് അവസാനിപ്പിച്ചു.

(സി) ഇപ്പോൾ പരിഗണനയിലില്ല.

ഇ-ഡിസ്ട്രിക്ട് പദ്ധതി പ്രകാരമുള്ള ഓൺലൈൻ സർട്ടിഫിക്കറ്റുകൾ

3(3) (652) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ-ഡിസ്ട്രിക്ട് പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്ര ഓൺലൈൻ സർട്ടിഫിക്കറ്റുകൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഏതെല്ലാം വകുപ്പുകളാണ് ഓൺലൈൻ വഴി സർട്ടിഫിക്കറ്റുകൾ അനുവദിച്ചതെന്നും ഓരോ വകുപ്പും എത്ര വീതം സർട്ടിഫിക്കറ്റുകൾ നൽകിയെന്നും വിശദമാക്കാമോ ;

(സി) ഇ -ഡിസ്ട്രിക്ട് പദ്ധതിക്കു കീഴിൽ പുതുതായി നൽകുവാൻ ഉദ്ദേശിക്കുന്ന സേവനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2-3-2015 വരെ 1,06,63,049 സർട്ടിഫിക്കറ്റുകൾ ഇ-ഡിസ്ട്രിക്ട് പദ്ധതി പ്രകാരം സംസ്ഥാനത്ത് വിതരണംചെയ്തിട്ടുണ്ട്.

(ബി) നിലവിൽ ഇ-ഡിസ്ട്രിക്ട് പദ്ധതിയിൽ റവന്യൂ വകുപ്പിലെ 24 സർട്ടിഫിക്കറ്റ് സേവനങ്ങളാണ് ഇ-ഡിസ്ട്രിക്ട് പോർട്ടൽ മുഖേന നല്കി വരുന്നത്. ഇതുവരെയായി 1,20,19,862 അപേക്ഷകൾ ലഭിച്ചതിൽ 1,06,63,049 സർട്ടിഫിക്കറ്റുകൾ നല്കിയിട്ടുണ്ട്.

(സി) ആർ.ടി.ഐ. സേവനം വിപുലീകരിക്കൽ, പബ്ലിക് ഗ്രീവൻസസ്, റവന്യൂ കോർട്ട് കേസ്സ് തുടങ്ങിയ സേവനങ്ങളാണ് ഇ-ഡിസ്ട്രിക്ട് പോർട്ടൽ മുഖേന ലഭ്യമാക്കുവാൻ തീരുമാനിച്ചിരിക്കുന്നത്.

ഐ. ടി. മേഖല

304 (653) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.ടി. കമ്പനികളിൽ നിന്നും ഈ സർക്കാരിന്റെ കാലത്ത് ഒഴിവാക്ക പ്പെട്ടവരെ സംബന്ധിച്ച് സ്ഥിതി വിവരകണക്കുകൾ ലഭ്യമാക്കാമോ ;

(ബി) എത്ര ഐ.ടി. കമ്പനികൾ ഈ കാലയളവിൽ പ്രവർത്തനം നിർത്തി വച്ചിട്ടുണ്ട് ;

(സി) തിരുവനന്തപുരം ടെക്നോപാർക്ക്, കൊച്ചി ഇൻഫോ പാർക്ക്, കാലിക്കറ്റ് സൈബർ പാർക്ക് എന്നിവിടങ്ങളിൽ നിലവിൽ എത്ര ഐ.ടി കമ്പനികൾ പ്രവർത്തിക്കുന്നുണ്ട് ; ഐ.ടി. മേഖലയിൽ മൊത്തം എത്ര പേർ ഇപ്പോൾ തൊഴിൽ ചെയ്യുന്നു ;

(ഡി) ധാരാളം തൊഴിൽ നൽകാൻ കഴിയുന്ന ഐ.ടി. മേഖലയിൽ അടിസ്ഥാനസൗകര്യങ്ങൾ വിനിയോഗിക്കപ്പെടാതെ കിടക്കുന്നുവെന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) കമ്പനികളിലെ ജീവനക്കാരുടെ നിയമനം, ഒഴിവാക്കൽ എന്നിവ സംബന്ധിച്ചുള്ള വ്യക്തമായ കണക്കുകൾ കമ്പനികൾ നൽകാറില്ല.

(ബി) ടെക്നോപാർക്കിൽ 57 കമ്പനികളും ഇൻഫോ പാർക്കിൽ 4 കമ്പനികളും കെ.എസ്.ഐ.ടി.ഐ. എല്ലിൽ ഒരു കമ്പനിയും പ്രവർത്തനം നിർത്തിവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly